ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/8100/2025-A5(AC) തീയതി: 04-02-2026

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം- മെഡിസെപ്- രണ്ടാം ഘട്ടം- മെഡിസെപ് ഡാറ്റയിൽ അന്തിമമായി തിരുത്തലുകൾ/ കൂടിച്ചേർക്കലുകൾ/ ഒഴിവാക്കലുകൾ വരുത്തുന്നത്- സംബന്ധിച്ച്

സൂചന :- ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിൽ നിന്നുള്ള 24.01.2026 തീയതിയായ 04/2026/ധന നമ്പർ സർക്കാർ പരിപത്രം

സർക്കാർ ജീവനക്കാർക്ക് മെഡിസെപ് ഐ.ഡി കാർഡ് www.medisep.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും 01.02.2026 മുതൽ ലോഗിൻ ചെയ്ത് ഡൌൺലോഡ് ചെയ്യാവുന്നതാണ് എന്നും മെഡിസെപ് ഐ.ഡി-ൽ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ/ ഒഴിവാക്കലുകൾ ആവശ്യമുണ്ടെങ്കിൽ, 25.02.2026-നകം തിരുത്തലുകൾ വരുത്തേണ്ടതാണ് എന്ന് സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. MEDCARD ഡൌൺലോഡ് ചെയ്യുന്നതിനായി ജീവനക്കാർക്ക് അവരുടെ മെഡിസെപ് ഐ.ഡി user ID ആയും പെൻ password ആയും ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്. (www.medisep.kerala.gov.in എന്ന വെബ്സൈറ്റിലെ 'Status' ഓപ്ഷനിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നല്കി ഡൌൺലോഡ് ചെയുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ നിന്നും മെഡിസെപ് ഐ.ഡി ശേഖരിക്കാവുന്നതാണ്. )

എമ്പാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന മെഡിസെപ് ഗുണഭോക്താക്കൾ തങ്ങളുടെ മെഡിസെപ് ഐ.ഡി കാർഡും ഏതെങ്കിലും ഒരു ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും ആണ് ആശുപത്രിയിലെ ഇൻഷുറൻസ് ഡെസ്കിൽ ഹാജരാക്കേണ്ടത്. മെഡിസെപ് കാർഡിൽ പേരില്ലായെങ്കിലോ പേരിലോ മറ്റു വിവരങ്ങളിലോ തെറ്റുണ്ടെങ്കിലോ മെഡിസെപ് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നതല്ല എന്നുള്ള വിവരം അറിയിച്ചിരിക്കുന്നു.

ഈ കാര്യാലയത്തിലെ എല്ലാ ജീവനക്കാരും www.medisep.kerala.gov.in എന്ന മെഡിസെപ് വെബ്സൈറ്റിലെ സ്റ്റാറ്റസ് ഓപ്ഷനിൽ നിന്നും "status report" generate ചെയ്ത് തങ്ങളുടെ മെഡിസെപ് ഡാറ്റ കൃത്യമാണെന്ന് ഉറപ്പ് വരുത്തുക. ആയതിൽ എന്തെങ്കിലും തിരുത്തലുകൾ തങ്ങളുടെയും ആശ്രിതരുടെയും വിവരങ്ങളിൽ ആവശ്യമുണ്ടെങ്കിലോ, ആശ്രിതരുടെ പട്ടികയിൽ നിന്നും ആരെയെങ്കിലും നീക്കം ചെയ്യുന്നതിനും, തങ്ങളുടെ നിലവിലുള്ള ആശ്രിതരെ മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതിനുമുള്ള അപേക്ഷകൾ ഈ കാര്യാലയത്തിലെ അക്കൌണ്ട്സ് സെക്ഷനിൽ 20.02.2026-നു മുൻപായി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത് വെരിഫിക്കേഷൻ പൂർത്തിയാകുന്നതായിരിക്കും.

സമയപരിധിക്ക് ശേഷം പ്രൊഫൈലിൽ വരുത്തുന്ന തിരുത്തലുകൾ ഐ.ഡി കാർഡിൽ

പ്രതിഫലിക്കുകയില്ല. 25.02.2026-നു ശേഷം ഡാറ്റയിലെ തെറ്റുകൾ തിരുത്തുന്നതിനോ ആശ്രിതരെ (പുതുതായി വിവാഹം കഴിയുന്നവർ, നവജാത ശിശുകൾ എന്നീ ആശ്രിതർ ഒഴികെ) ഉൾപ്പെടുത്തുന്നതിനോ അവസരം ഉണ്ടായിരിക്കുന്നതല്ല എന്നുള്ള വിവരം അറിയിക്കുന്നു. ആയതിനാൽ അപേക്ഷകൾ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

ഡാറ്റ സ്ഥിരീകരണം നടത്തേണ്ടത് ഗുണഭോക്താവിന്റെ ഉത്തരവാദിത്വമാണ്. ഇതിലുള്ള പാളിച്ച മൂലം മെഡിസെപ് അനുകൂല്യം ലഭ്യമാകാതെ വന്നാൽ സർക്കാരോ ഇൻഷുറൻസ് കമ്പനിയോ ആശുപത്രിയോ ഉത്തരവാദിയല്ലായെന്ന് സൂചന പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് എന്നുള്ള വിവരവും കൂടി ഇതോടൊപ്പം അറിയിക്കുന്നു.

Signed by
Jayaprakash P
Date: 04-02-2026 16:25:33
Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈകാര്യാലയത്തിലെഎല്ലാ ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി